കോഴിക്കോട് ജില്ലയിൽ എസ്.ജി.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെടുന്ന ബ്ലോക്കുകൾ

72 [5947] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എസ്.ജി.ആർ.വൈ. പരിധിയിൽ ഉൾപ്പെടുന്ന ബ്ലോക്കുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ബ്ലോക്കിലും ഈ പദ്ധതിപ്രകാരം എത്ര തുകയാണ് അനുവദിച്ചതെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതിയിൽപ്പെട്ട പ്രവൃത്തികളുടെ പേരും അതിന്റെ പുരോഗതിയും അനുവദിച്ച തുകയും വെളിപ്പെടുത്താമോ;

(ഡി) പുതുതായി ഈ പദ്ധതികളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന ബ്ലോക്കുകളുടെ പേരുവിവരം വിശദമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ.) നടപ്പിലാക്കിവരുന്നു.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പാഡ് (കേരള)യുടെ ഡ്രൈവറായ ശ്രീ. സി. റ്റി. സാഗറിനെ പിരിച്ചുവിട്ട നടപടി

73 [5948] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽനിന്നും പെൻഷൻ പറ്റിയ ഏതെങ്കിലും ഉദ്യോഗസ്ഥൻ ഇപ്പോൾ ഗ്രാമവികസന വകുപ്പിൻ കീഴിലുള്ള ഏതെങ്കിലും സ്ഥലത്ത് ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പീപ്പിൾസ് ആക്ഷൻ ഫോർ ഡവലപ്പ്മെന്റ് (കേരള)യുടെ നിയമാവലി 89 പ്രകാരം ഒരു സ്റ്റാഫിനെ നിയമിക്കുവാനുള്ള അധികാരം ചെയർമാന് നിലനിൽക്കെ ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്താതെ വൈസ്ചെയർമാന് ചെയർമാൻ നിയമിച്ച സ്റ്റാഫിനെ പിരിച്ചുവിടാനുള്ള അധികാരമുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly